പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3849 — 19.02.2013 ൽ മറുപടിക്ക്

## പുതുതായി നിയമിക്കുന്ന വിക്ടിം ലെയ്സൺ ഓഫീസർമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് കേസന്വേഷണത്തിനായി പുതുതായി എത്ര വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കൊലപാതകം, സ്ത്രീപീഡനം എന്നീ കുറ്റകൃത്യങ്ങൾക്ക് ഇരയായിട്ടുള്ള കുടുംബാംഗങ്ങളും അന്വേഷണ ഉദ്യോഗസ്ഥരും തമ്മിൽ അന്വേഷണത്തെ സഹായിക്കുന്ന തരത്തിൽ ഒരു ബന്ധമുണ്ടാക്കുന്നതിനായിട്ടാണ് വിക്ടിം ലെയ്സൺ ഓഫീസർ (VLO) എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളത്. അന്വേഷണ സംഘത്തിൽപ്പെട്ട സീനിയർ സിവിൽ പോലീസ് ഓഫീസർ/ സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ റാങ്കിലുള്ള അന്വേഷണ ഉദ്യോഗസ്ഥരെയാണ് VLO മാരായി നിയമിക്കുന്നത്. കേസിന്റെ സ്വഭാവവും അന്വേഷണത്തിന്റെ രീതിയും അനുസരിച്ചാണ് VLO മാരെ നിയമിക്കുന്നത്. |
| (ബി) | സ്ത്രീകൾ പ്രതികളായ സ്ത്രീപീഡന കേസുകളിലും അന്വേഷണ ഉദ്യോഗസ്ഥരായി വനിത വി.എൽ.ഒ. മാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗുരുതരമായ അതിക്രമങ്ങളിൽ പ്രതികൾ ആരെന്ന് നോക്കാതെ വനിതാ സിവിൽ പോലീസ് ഓഫീസർമാർ ഉൾപ്പെടെയുള്ള VLO മാരെ നിയമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ